EDUCATION DEEPIKA

SSLC, + 2 കഴിഞ്ഞവർക്കുള്ള ഡിഗ്രി ഡിപ്ലോമ കോഴ്സുകളുമായി

ചാവറ ഇൻസ്റ്റിറ്റ്യൂട്ട് കൊച്ചി

SSLC + 2 കഴിഞ്ഞവരാണോ നിങ്ങൾ .. ഇനി നല്ലൊരു കരിയർ ആണ് നിങ്ങളുടെ ലക്ഷ്യമെങ്കിൽ കൊച്ചിയിൽ ഹോട്ടൽ മാനേജ്മെന്റ്, ഏവിയേഷൻ, ഫിലിം മേക്കിങ് തുടങ്ങിയ കോഴ്സുകൾ പഠിക്കാം.

കൊച്ചിയിലെ ചാവറ ഇൻസ്റ്റ്യൂട്ട് വിദ്യാർത്ഥികൾക്ക് വേണ്ടി ഉന്നത നിലവാരമുള്ള പ്രൊഡക്ഷൻ ലാബ്, എയർപോർട്ട് സിമുലേഷൻ ലാബ്, ബേക്കറി ലാബ്, ഹൗസ് കീപ്പിംഗ് ലാബ്, F & B സർവീസ് ലാബ്, കമ്പ്യൂട്ടർ ലാബ്, വിശാലമായ ലൈബ്രറി തുടങ്ങിയവയും ചാവറ ഫിലിം സ്കൂളിൽ ഫിലിം മേക്കിങ് കോഴ്സുകൾക്ക് വേണ്ടി ഉന്നത നിലവാരമുള്ള സ്റ്റുഡിയോയും എഡിറ്റിംഗ് ലാബും, ഡബ്ബിങ് സ്റ്റുഡിയോയും ഒക്കെ ആണ് വിദ്യാർത്ഥികൾക്ക് വേണ്ടി ഒരുക്കിയിരിക്കുന്നത്

ഹോട്ടൽ മാനേജ്മെൻറ് ഏവിയേഷൻ തുടങ്ങിയ മേഖലകളിൽ ബിവോക്ക് ഡിഗ്രി കോഴ്സുകൾ നടത്തുന്ന കൊച്ചിയിലെ മികച്ച സ്ഥാപനമാണ് ചാവറ ഇൻസ്റ്റിറ്റ്യൂട്ട്. സി.എം.ഐ. വൈദികർ നേതൃത്വം നൽകുന്ന ചവറ ഇൻസ്റ്റിറ്റ്യൂട്ട് ജെയിൻ യൂണിവേഴ്സിറ്റിയുടെ കൊച്ചിയിലെ ആദ്യത്തെ സ്കിൽ നോളജ് പാർട്ണറാണ്. ചാവറ ഇൻസ്റ്റിറ്റ്യൂട്ട് ഇതിനോടകം ആയിരക്കണക്കിന് വിദ്യാർത്ഥികൾക്ക് അവരുടെ കരിയർ കെട്ടിപ്പടുക്കുവാൻ സഹായകരമായിട്ടുണ്ട്. ചാവറ ഇൻസ്റ്റിറ്റ്യൂട്ടിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ഡിഗ്രിയോടൊപ്പം എൻ. എസ്. ഡി. സി. (നാഷണൽ സ്കിൽ ഡെവലപ്മെന്റ് കോർപ്പറേഷൻ), യു.കെ സ്കിൽ എന്നിവയുടെ സർട്ടിഫിക്കറ്റും ലഭിക്കുന്നുണ്ട്. കൂടാതെ വിദ്യാർഥികൾക്ക് പഠനത്തോടൊപ്പം ജോലി ചെയ്ത് അവരുടെ പഠനത്തിന് ആവശ്യമായ ചിലവുകൾ കണ്ടെത്താൻ സഹായകരമാവുന്ന രീതിയിൽ പാർട്ട് ടൈം ജോലിയും ഉറപ്പു നൽകുന്നു. വിദഗ്ധരായ അധ്യാപകർ നയിക്കുന്ന ക്ലാസുകൾ സെമിനാറുകൾ ഓറിയന്റേഷൻ ക്ലാസുകൾ ഏതൊരു ഹോസ്പിറ്റാലിറ്റി ഇൻസ്റ്റിറ്റ്യൂട്ടിനേക്കാളും മികച്ച സൗകര്യങ്ങൾ വിദ്യാർത്ഥികൾക്ക് വേണ്ടി ചാവറ ഇൻസ്റ്റിറ്റ്യൂട്ടിൽ ഒരുക്കിയിട്ടുണ്ട്

100% പ്ലേസ്മെന്റോടുകൂടി പാർട്ട് ടൈം ജോലി ചെയ്തു കൊച്ചിയിൽ പഠിക്കാം എന്നുള്ളപ്പോൾ എന്തിന് സമയം വെറുതെ പാഴാക്കണം ഉടൻതന്നെ കൊച്ചിയിലെ ചാവറ ഇൻസ്റ്റിറ്റ്യൂട്ടിൽ അഡ്മിഷൻ നേടൂ .

ബി. വോക് ഡിഗ്രി കോഴ്സുകൾ

പ്ലസ് ടു കഴിഞ്ഞവർക്ക് നൈപുണ്യ വികസനവും സാങ്കേതിക പരിശീലനവും ഡിഗ്രി പഠനത്തിൽ സംയോജിപ്പിച്ചുകൊണ്ട് യു.ജി.സി. ആവിഷ്കരിച്ച പുതുതലമുറ തൊഴിലധിഷ്ഠിത കോഴ്സുകളാണ് ബി. വോക് ഡിഗ്രി കോഴ്സുകൾ. പ്രാക്ടിക്കൽ പഠനത്തിന് മുൻതൂക്കം നൽകി കുട്ടികളെ അവർ തിരഞ്ഞെടുത്ത തൊഴിൽ മേഖലയിൽ പ്രാവീണ്യമുള്ളവരാക്കുക എന്ന ലക്ഷ്യത്തോടെയാണ് ബി.വോക് കോഴ്സുകൾ നടത്തപ്പെടുന്നത്.

ഓരോ വർഷവും ആയിരക്കണക്കിന് ബിരുദധാരികൾ പഠിച്ചിറങ്ങുന്നുണ്ടെങ്കിലും പ്രായോഗിക പരിശീലനം ലഭിച്ചവർ വളരെ ചുരുക്കം മാത്രമാണ് അതിനാൽ പ്രായോഗിക പരിശീലനത്തിന് ഊന്നൽ നൽകിക്കൊണ്ട് നടത്തപ്പെടുന്ന ഇത്തരം ബി.വോക് കോഴ്സുകൾ പഠിച്ചിറങ്ങുന്ന വിദ്യാർഥികൾക്ക് അവരുടേതായ തൊഴിൽ മേഖലയിൽ മികവ് തെളിയിക്കാൻ കഴിയുന്നു എന്നതിനാൽ അവർക്ക് പഠനം കഴിഞ്ഞാൽ ഉടൻ തന്നെ ജോലി ലഭിക്കുന്നതിന് സഹായകരമാകുന്നു.

ഹോട്ടൽ മാനേജ്മെൻറ് ആൻഡ് കാറ്ററിങ് ടെക്നോളജി ,എയർലൈൻ ആൻഡ് എയർപോർട്ട് മാനേജ്മെന്റ് തുടങ്ങിയ കോഴ്സുകൾക്ക് ഇപ്പോൾ അഡ്മിഷൻ ആരംഭിച്ചിരിക്കുന്നു.

ചാവറ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോട്ടൽ മാനേജ്മെന്റ് ഓരോ നിമിഷവും വളർന്നുകൊണ്ടിരിക്കുന്ന തൊഴിൽ മേഖലയാണ് ഹോട്ടൽ മേഖല. വർധിച്ചുവരുന്ന തൊഴിൽ സാധ്യതയാണ് ഈ മേഖലയുടെ പ്രത്യേകത. ഹോട്ടലുകളിൽ ഫ്രണ്ട് ഓഫീസ്, അക്കോമഡേഷൻ ഓപ്പറേഷൻ, ഫുഡ് ആൻഡ് ബിവറേജ് സർവീസ്, ബേക്കറി, പ്രൊഫഷണൽ കുക്കറി എന്നീ മേഖലകളിൽ അനേകായിരം തൊഴിലവസരങ്ങളാണ് ഓരോ ദിവസവും റിപ്പോർട്ട് ചെയ്യുന്നത്, സി.എം.ഐ. വൈദികർ നേതൃത്വം നൽകുന്ന ചാവറ ഇൻസ്റ്റ്യൂട്ട് ഹോട്ടൽ മാനേജ്മെൻറ് പഠന മേഖലയിൽ 40 വർഷത്തെ പ്രവർത്തി പരിചയമുണ്ട്. പഠനത്തോടൊപ്പം ജോലി ചെയ്ത് കുട്ടികൾക്ക് ഹോട്ടൽ മാനേജ്മെൻറ് ഡിഗ്രി ഡിപ്ലോമ കോഴ്സുകൾ സ്വന്തമാക്കാം.

B.Voc Degree in Hotel Management & Catering Technology
Diploma in Professional Cookery
Diploma in Hotel Management Certificate Programme in Bakery & Confectionery
PG Diploma in Hotel Operations
B.VOC Degree in Catering Technology and Hotel Management
Culinary Operations
Pastry ,Cake Baking & Decoration

ചാവറ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഏവിയേഷൻ

അനുദിനം വളർന്നുകൊണ്ടിരിക്കുന്ന, ഇന്ത്യയ്ക്ക് അകത്തും പുറത്തും നിരവധി ജോലി സാധ്യതയുള്ള തൊഴിലധിഷ്ഠിത കോഴ്സുകളിൽ ഒന്നാണ് ഏവിയേഷൻ കോഴ്സുകൾ പ്ലസ് ടു കഴിഞ്ഞ് ഈ മേഖലയിൽ ജോലി ചെയ്യാൻ ആഗ്രഹിക്കുന്നവർക്ക് നിരവധി തൊഴിൽ സാധ്യതകളാണ് ഏവിയേഷൻ എയർലൈൻ മേഖലകളിൽ നിങ്ങളെ കാത്തിരിക്കുന്നത്. എയർപോർട്ടുകളിലും എയർലൈൻ സർവീസുകളിലും ട്രാവൽ ആൻഡ് ടൂറിസം രംഗത്തും .ടിക്കറ്റിങ് രംഗത്തും നിരവധി തൊഴിൽ സാധ്യതകൾ ഉള്ള കോഴ്സുകൾ ആണ് കൊച്ചിയിലെ ചാവറ ഇൻസ്റ്റ്യൂട്ട് നിങ്ങൾക്കായി ഒരുക്കിയിരിക്കുന്നത്.

B.voc Degree in Airport and Aviation Management
IATA Passenger Ground Services
IATA in Cabin Crew
Advance Diploma in Airline with IATA
Advance Diploma in Airline

ചാവറ ഫിലിം സ്കൂൾ കൊച്ചി

സിനിമ എന്ന സ്വപ്നം മനസ്സിൽ കൊണ്ടുനടക്കുന്നവരാണ് നിങ്ങൾ എങ്കിൽ കൊച്ചിയിലെ ചാവറ ഫിലിം സ്കൂളിൽ പഠിച്ചു സിനിമയുടെ വർണ്ണാഭമായ ലോകത്തേക്ക് ചേക്കേറാൻ യുവതി യുവാക്കൾക്ക് ഈ അവസരം പ്രയോജനപ്പെടുത്താവുന്നതാണ്. സിനിമയെ കുറിച്ചുള്ള വിവിധ മേഖലകളിലൂടെ കടന്നുപോകുന്ന രീതിയിലാണ് ചാവറ ഫിലിം സ്കൂളിലെ കോഴ്സുകൾ ക്രമീകരിച്ചിരിക്കുന്നത് വിജയകരമായി കോഴ്സ് പൂർത്തിയാക്കുന്ന വിദ്യാർഥികൾക്ക് സിനിമ മേഖലയിൽ അവർ പഠിച്ചിറങ്ങിയ കോഴ്സുമായി ബന്ധപ്പെട്ട മേഖലയിൽ പരിശീലനം ചെയ്യാനുള്ള സൗകര്യം ഒരുക്കിക്കൊടുക്കുന്നു എന്നുള്ളതാണ് ചാവറ ഫിലിം സ്കൂളിനെ മറ്റു ഫിലിം സ്കൂളുകളിൽ നിന്നും വ്യത്യസ്തമാക്കുന്നത്

Diploma in Film Direction
Diploma in Film Editing
Diploma in Screen Acting
Diploma in Script Writing

തുടങ്ങിയ കോഴ്സുകൾ ആണ് കൊച്ചിയിലെ ചാവറ ഫിലിം സ്കൂളിൽ നടത്തപ്പെടുന്നത്.

ഹോട്ടൽ മാനേജ്മെന്റ് ഏവിയേഷൻ, ഫിലിം മേക്കിങ് എന്നീ കോഴ്സുകളെ കുറിച്ചുള്ള അന്വേഷണത്തിനും കൂടുതൽ വിവരങ്ങൾക്കും താഴെ കാണുന്ന നമ്പറിൽ ബന്ധപ്പെടാവുന്നതാണ്.

Ph: 9947850404
99 47 840404
94 95 142011

ADMISSION OPEN 2024-25

പഠനത്തോടൊപ്പം ജോലി

കൊച്ചിയിലെ മികച്ച സ്ഥാപനം

കുറഞ്ഞ ചിലവിൽ പഠിച്ച് ഉയർന്ന ശമ്പളത്തിൽ ഇന്ത്യയിലും വിദേശത്തും ജോലി നേടാം...!

100% PLACEMENT SUPPORT

HOTEL MANAGEMENT COURSES
- B.VOC - Degree in Hotel Management & Catering Technology (Practical Oriented)
- Diploma in Hotel Management
- Bakery & Confectionery (Certified Course)
- Diploma in Professional Cookery
- PG Diploma in Hotel Operations
- Culinary Operations
- Certified Course in Pastry, Cake Baking & Decoration

AVIATION COURSES
- B.VOC - Degree in Airport & Airline Management
- IATA - Passenger Ground Services Agent
- IATA - Airline Cabin Crew
- Adv. Diploma in Airline & Hospitality Management with IATA

FILM MAKING DIPLOMA COURSES
- Film Direction
- Film Editing
- Screen Acting
- Script Writing

" Inside Find Your Celestial Self "

അഡ്മിഷൻ ആരംഭിച്ചിരിക്കുന്നു

SSLC,+2 കഴിഞ്ഞ നമ്മുടെ കുട്ടികളുടെ നല്ലൊരുഭാവിക്കായി ഉടൻ അഡ്മിഷൻ ഉറപ്പാക്കാൻ ഇന്നുതന്നെ വിളിക്കു ...

CHAVARA INSTITUTE
Near South Metro Station, Kochi - 682011,
Chavarahm@gmail.com | www.chavarainstitute.com
9947850404 / 9947840404 / 9495142011

CHAVARA INSTITUTE KOCHI Managed by CMI Fathers Since 1980 | CHAVARA FILM SCHOOL

അവസരങ്ങളുടെ വാതിൽ തുറന്ന്

ന്യൂസിലാൻഡ് വിളിക്കുന്നു

ന്യൂസിലാൻഡിലെ ഉപരിപഠനത്തിന്റെയും തൊഴിൽ അവസരങ്ങളുടെയും ജീവിതസാഹചര്യങ്ങളുടെയും നിലവിലെ സ്ഥിതി എന്തെല്ലാമാണ്? 23 വർഷക്കാലം ആ രാജ്യത്തെ വിദ്യാഭ്യാസ സേവന മേഖലയിൽ പ്രവർത്തന പരിചയമുള്ള വിദ്യാഭ്യാസ വിദഗ്ധനും ഡെറിക് ജോൺസ് മാനേജ്മെന്റ് എംഡിയുമായ മാത്യു ജോൺസ് വിശകലനം ചെയ്യുന്നു.

മികച്ച സ്ഥാപനങ്ങളിൽ ഉപരിപഠനത്തിനായി ന്യൂസിലാൻഡിലേക്കു ചേക്കേറുന്നവരുടെ എണ്ണം കൂടിവരികയാണ്. ലോകോത്തര നിലവാരത്തിലുള്ള വിദ്യാഭ്യാസവും വിപുലമായ തൊഴിൽസാധ്യതകളും അനുബന്ധ സൗകര്യങ്ങളുമാണ് ന്യൂസിലാൻഡിലെ ഉന്നതവിദ്യാഭ്യാസ മേഖലയെ ആകർഷകമാക്കുന്നത്.

മറ്റ് പാശ്ചാത്യ രാജ്യങ്ങളെപ്പോലെ ലോകോത്തര വിദ്യാഭ്യാസവും, മികവാർന്ന സ്ഥാപനങ്ങളുമാണ് ന്യൂസിലാൻഡിലുമുള്ളത്. സർവകലാശാലകൾ, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി, പോളിടെക്നിക്കുകൾ തുടങ്ങി ന്യൂസിലാൻഡിലെ ഉപരിപഠന കേന്ദ്രങ്ങൾ, സർക്കാരിന്റെ കീഴിലാണ്. അതുകൊണ്ട് തന്നെ അപ്ഡേറ്റഡ് സിലബസ്, ജോലി അധിഷ്ഠിത കോഴ്സുകൾ ആണ് ലഭ്യമാകുന്നത്. പ്രൈവറ്റ് ട്രെയ്നിംഗ് എസ്റ്റാബ്ലിഷ്മെന്റുകളിൽ (പിടിഇ) പ്രാക്ടിക്കൽ ഓറിയന്റഡ് കോഴ്സുകളാണുള്ളത്.

അന്താരാഷ്ട്ര വിദ്യാർഥികൾക്ക് ഡിപ്ലോമ, ബാച്ചേഴ്സ്, പിജി ഡിപ്ലോമ, മാസ്റ്റേഴ്സ്, പിഎച്ച്ഡി എന്നിവ തെരഞ്ഞെടുക്കാനാകും.

ആകർഷകഘടകങ്ങൾ ഇങ്ങനെ

മറ്റു രാജ്യങ്ങളിൽ നിന്നെത്തുന്ന വിദ്യാർഥികൾക്ക് ഉപരിപഠനത്തിനു വിവിധ ആനുകൂല്യങ്ങൾ ന്യൂസിലാൻഡിൽ ലഭിക്കുന്നുണ്ട്. മൂന്നു വർഷത്തെ സ്റ്റേബാക്ക്, പാസ്റ്ററൽ കെയർ സപ്പോർട്ട്, മാസ്റ്റേഴ്സ് ചെയ്യുന്നവർക്ക് ജീവിതപങ്കാളിയെയും കുട്ടികളെയും കൊണ്ടു വരാനുള്ള സൗകര്യം, ജീവിതപങ്കാളിക്കു സമയപരിധിയില്ലാതെ ജോലി ചെയ്യാനും കുട്ടികൾക്കു സൗജന്യ വിദ്യാഭ്യാസത്തിനുമുള്ള സൗകര്യങ്ങൾ എന്നിവ ന്യൂസിലാൻഡിൽ ലഭിക്കും.

ജോലി അവസരങ്ങൾ

ജോലിക്കാർ കുറവുള്ള മേഖലകൾ ഇമ്മിഗ്രേഷൻ ന്യൂസിലാൻഡ് ലിസ്റ്റ് (ഗ്രീൻ ലിസ്റ്റ്) ചെയ്തിട്ടുണ്ട്. പല മേഖലകളിലും തദ്ദേശീയരായ ഉദ്യോഗാർഥികൾ കുറവാണ്. അതുകൊണ്ടുതന്നെ അന്താരാഷ്ട്ര കുടിയേറ്റക്കാരെ ന്യൂസിലാൻഡിന് ആവശ്യമുണ്ട്.

ഐടി, സിവിൽ, ഇലക്ട്രിക്കൽ തുടങ്ങി എൻജിനീയറിംഗ് മേഖലകളിൽ ന്യൂസിലാൻഡിൽ ഏറെ തൊഴിലവസരങ്ങളുണ്ട്. ഗ്രീൻ ലിസ്റ്റിൽ ആരോഗ്യ മേഖലയിലെ ഏകദേശം നൂറോളം തൊഴിലുകൾ ഉൾപ്പെട്ടിട്ടുണ്ട്. പരിസ്ഥിതി സംരക്ഷണത്തിനു പ്രാധാന്യം കൊടുക്കുന്ന രാജ്യമാണെന്നതിനാൽ ആ മേഖലയിലും, കൃഷി, വനം, അക്വാകൾച്ചർ, ഡയറി രംഗങ്ങളിലും ധാരാളം തൊഴിലവസരങ്ങൾ ഉണ്ട്. സ്കൂളുകളിൽ അധ്യാപകരുടെയും ടൂറിസം, റീട്ടെയ്ൽ മാനേജ്മെന്റ് രംഗങ്ങളിലും നിരവധി അവസരങ്ങൾ വരുന്നുണ്ട്.

സ്റ്റഡി വിസ എങ്ങനെ ?

ശാന്തവും സുന്ദരവുമായ രാജ്യമാണ് ന്യൂസിലാൻഡ്. മികച്ച വർക്ക്ലൈഫ് ബാലൻസും, ജീവിത നിലവാരവും അവിടുത്തെ ജീവിതത്തെ സുരക്ഷിതമാക്കുന്നു.

കോഴ്സിന്റെ കാലാവധി, ഇൻസ്റ്റിറ്റ്യൂഷൻ, ബിരുദം എന്നിവ അനുസരിച്ചാകും സ്റ്റഡി വിസയുടെ ചെലവ്. ഡിപ്ലോമ കോഴ്സുകൾക്കു ഫീസ് കുറവാണ്. മാസ്റ്റേഴ്സ് കോഴ്സുകളിൽ ആകെ ചെലവ് ഏകദേശം 15 മുതൽ 30 ലക്ഷത്തോളം വരും. ഇതു കോഴ്സ് അനുസരിച്ചു വ്യത്യാസപ്പെടും.

വഴികൾ എളുപ്പമാക്കി

DERRICK JONES MANAGEMENT PVT. LTD.
Expanding Horizons

മാത്യു ജോൺസ്
മാനേജിംഗ് ഡയറക്ടർ
ഡെറിക് ജോൺസ്

ഡെറിക് ജോൺസ്

ന്യൂസിലാൻഡിലേക്കുള്ള മൈഗ്രേഷൻ സേവനങ്ങൾ തുടങ്ങിയ ആദ്യത്തെ ഏജൻസികളിൽ ഒന്നാണ് ഡെറിക് ജോൺസ്. നഴ്സസ് മൈഗ്രേഷനിലാണ് തുടക്കം. പിന്നീട് സ്റ്റഡി വിസയിലേക്ക് വിപുലീകരിച്ചു.

ന്യൂസിലാൻഡിലും, കേരളത്തിലുമായി ഡെറിക് ജോൺസിന് ആറ് ഓഫീസുകൾ. എയർപോർട്ട് പിക്ക് അപ്, താമസം, പാർട്ട് ടൈം ജോലി അങ്ങനെ പിആർ കിട്ടുന്നത് വരെയുള്ള സഹായങ്ങൾ കൊടുക്കുന്നുണ്ട്. പോസ്റ്റ് സ്റ്റഡി വർക്ക് വിസ, സ്പൗസ് വിസ, വർക്ക് വിസ, പിആർ തുടങ്ങി എല്ലാവിധ വിസ അപേക്ഷകൾക്കും ഒരു ന്യൂസിലാൻഡ് ലൈസെൻസെഡ് ഇമ്മിഗ്രേഷൻ അഡ്വൈസറിന്റെ സേവനവും നൽകുന്നുണ്ട്. വിദ്യാഭ്യാസ സ്ഥാപനത്തിൽ പ്രവേശനം എടുത്തു കൊടുക്കുന്നതിൽ തീരുന്നില്ല സേവനം, അവിടെയെത്തുന്നവരുടെ തുടർപഠനവും താമസവും സുരക്ഷിതമാക്കുന്നതുവരെ സമഗ്രമായ സേവനമാണു ഡെറിക് ജോൺസ് നൽകുന്നത്.

ഇവ ശ്രദ്ധിക്കാം

12-ാം ക്ലാസിനു ശേഷം വിദേശ രാജ്യങ്ങളിൽ ഉപരിപഠനത്തിനു ശ്രമിക്കുമ്പോൾ ഓരോ ഘട്ടത്തിലും ശ്രദ്ധവേണം.

പ്രധാനപ്പെട്ട കാര്യം, പോകാൻ ഉദ്ദേശിക്കുന്ന രാജ്യം സുരക്ഷിതമാണോ എന്നതാണ്. ആ രാജ്യത്തെ വിദ്യാഭ്യാസം ആഗോളതലത്തിൽ സ്വീകാര്യമാണോ എന്നതും പരിശോധിച്ച് ഉറപ്പാക്കണം.

പഠനത്തിന് മുടക്കിയ തുക തിരിച്ചു പിടിക്കാനുള്ള അവസരം കൂടിയാണ് സ്റ്റേബാക്ക് എന്നത്. അതിനെക്കുറിച്ചും അറിവുണ്ടാകണം. ജോലി കിട്ടാനുള്ള സാധ്യതകൾ, തെരഞ്ഞെടുക്കുന്ന കോഴ്സിന്റെ ജോലി സാധ്യതകൾ, പാർട്ട് ടൈം ജോലിയുടെ ലഭ്യത, ജീവിതച്ചെലവുകൾ എന്നിവയെക്കുറിച്ചും വ്യക്തത വരുത്തിയാവണം വിദേശപഠനത്തിലേക്കു ചുവടുവയ്ക്കേണ്ടത്.

കൂടുതൽ വിവരങ്ങൾക്കായി താഴെ കാണുന്ന ലിങ്ക് സന്ദർശിക്കുക :
https://www.youtube.com/watch?v=wO1EYyyJ4ZQ

100% NZ Owned & Operated | 23+ YEARS EXCELLENCE | DERRICK JONES MANAGEMENT PVT. LTD. Expanding Horizons

പറക്കാം,പഠിക്കാം,ഉയരാം

സ്വപ്നതുല്യം ന്യൂസിലാൻഡ്

- Study Visa
- Nurses Migration
- IELTS/OET/PTE/ German Training

asianet news DISCOVER GLOBAL Education STUDY ABROAD EXPO 2024 | Meet us at stall no.4

June 8th & 9th | Vijaya Convention Centre Thiruvalla



Mr. Matthew Jones
Educational Specialist/
Managing Director,
Derrick Jones Management

+91 97780 42441
+91 73562 22336

Free IELTS & OET training for registered clients

New Zealand | Kochi | Trivandrum | Kottayam | Kattappana | Calicut

മികവിന്റെ പാതയിൽ ഭാരതമാതാ കോളേജ് സ്വയംഭരണപദവിയിലേക്ക്...

ആറുപതിറ്റാണ്ടിന്റെ പാരമ്പര്യത്തിലേക്ക് ഭാരതമാതാ കോളേജ് പദമൂന്നുമ്പോൾ മികവിന്റെ പാതയിൽ ഭാരതമാതാ കോളേജ് സ്വയംഭരണ പദവിയിലേയ്ക്ക് കൂടി എത്തുകയാണ്. തലമുറകൾക്ക് തണലായി മാറിയ ചരിത്രമുള്ള ഈ കലാലയം വിപ്ലവകരമായ മാറ്റങ്ങളിലൂടെ മുന്നേറുകയാണ്.

1965ൽ യുഗപ്രഭാവയനായ കർദിനാൾ മാർ ജോസഫ് പാറേക്കാട്ടിൽ പിതാവ് കോളേജ് സ്ഥാപിക്കുമ്പോൾ തൃക്കാക്കരയും കാക്കനാടും വികസന വെളിച്ചം എത്താത്ത പ്രദേശമായിരുന്നു. ഭാരതമാതാ എന്ന വിദ്യാനക്ഷത്രം ഉദിച്ചതിനു ശേഷമാണ് കൊച്ചി നഗരത്തിന്റെ സിരാകേന്ദ്രങ്ങളിൽ ഒന്നായി കാക്കനാടും തൃക്കാക്കരയും മാറിയത്. ഇന്നു കാണുന്ന ഈ പ്രദേശങ്ങളുടെ വികസനത്തിലെ ആദ്യ ചുവടായിരുന്നു ഭാരതമാതയുടെ സ്ഥാപനം. ക്രാന്തദർശിയായ പിതാവ് ഇത്തരമൊരു കാലത്തെ 1960കളിൽ തന്നെ സ്വപ്നം കണ്ടിരുന്നു. ദൈവത്തിനും രാജ്യത്തിനും ആയി ഒരു കലാലയം എന്നതായിരുന്നു പിതാവിന്റെ ദർശനം.

എം ജി സർവകലാശാലയുടെ അഫിലിയേഷനോട് കൂടി പ്രവർത്തിക്കുന്ന ഭാരതമാതാ കോളേജിൽ ഇന്നു 17 ഡിഗ്രി പ്രോഗ്രാമുകളും, 6 പിജി പ്രോഗ്രാമുകളും, 2 പ്രൊഫഷണൽ കോഴ്സുകളും 5 ഗവേഷണ വിഭാഗങ്ങളും പ്രവർത്തിക്കുന്നു. നാക് എ പ്ലസ് ഗ്രേഡ്, ഐഎസ്ഒ സർട്ടിഫിക്കറ്റ്, എൻ ഐ ആർ എഫ് റാങ്കിങ്ങിൽ 150നു മുകളിലുള്ള സ്ഥാനം ഇതെല്ലാം സമീപകാലങ്ങളിൽ ഭാരതമാതാ നേടിയ അംഗീകാരങ്ങളാണ്.

ഭാരത മാതാ കലാലയത്തിന്റെ വേറിട്ട വഴികൾ

നൈപുണ്യ വികസന പദ്ധതികൾ (Skill Oriented Training)

മുഖ്യ വിഷയപഠനത്തോടൊപ്പം നിരവധി ഡിപ്ലോമ കോഴ്സുകൾ വഴി വിദ്യാർത്ഥികൾക്ക് സ്കിൽ ഓറിയന്റഡ് ട്രെയിനിങ് നൽകിവരുന്നു. ഡിഗ്രി കോഴ്സുകളുടെ കൂടെ തന്നെ വിദ്യാർത്ഥികൾക്ക് ഡിഗ്രിയുമായി ബന്ധപ്പെട്ട ഇത്തരം ഡിപ്ലോമ കോഴ്സുകൾ വഴി വിവിധ നൈപുണികൾ നേടാൻ കഴിയുന്നു.

ഉന്നത വിദ്യാഭ്യാസ പരിശീലനം

ബിരുദ വിദ്യാർത്ഥികൾക്കും ബിരുദാന്തര ബിരുദ വിദ്യാർത്ഥികൾക്കും ഉന്നത വിദ്യാഭ്യാസത്തിനുള്ള പരിശീലനവും മാർഗനിർദേശവും നൽകുന്നതിലും ഭാരതമാതാ കോളേജിൽ പ്രത്യേക സംവിധാനങ്ങൾ ഉണ്ട്. സിവിൽ സർവീസ് കോച്ചിങ്, ബാങ്ക് കോച്ചിങ്, ക്യാറ്റ് /മാറ്റ് കോച്ചിങ്, ഫോറിൻ ലാംഗ്വേജ് ട്രെയ്നിങ്, നെറ്റ് കോച്ചിങ് തുടങ്ങിയവ അവയിൽ ചിലത് മാത്രമാണ്.

ഗവേഷണം തപസ്യയാക്കാം

ഗവേഷണത്തിന് പ്രത്യേക പ്രാധാന്യമാണ് ഭാരതമാതാ കോളേജ് നൽകിവരുന്നത്. 5 ഗവേഷണ വിഭാഗങ്ങൾക്ക് പുറമെ നിരവധി റിസർച്ച് ഗൈഡുകൾ ഭാരതമാതയിൽ ഉണ്ട്. ഗവേഷണ തൽപരരായ വിദ്യാർത്ഥികളെ പ്രോത്സാഹിപ്പിക്കുക, മാർഗ്ഗനിർദേശങ്ങൾ നൽകുക, ശാസ്ത്ര സാങ്കേതിക ഗവേഷണത്തിന്റെ പുതു വഴികൾ പരിചയപ്പെടുത്തുക എന്നിങ്ങനെ നിരവധി പദ്ധതികളാണ് ഗവേഷണത്തെ പ്രോത്സാഹിപ്പിക്കാൻ നടത്തി വരുന്നത്.

കർമ്മനിരതരായ യുവ അധ്യാപകർ

കർമ്മനിരതരായ യുവ അധ്യാപകരാണ് ഭാരതമാതയുടെ ഇന്നത്തെ ഏറ്റവും വലിയ സമ്പത്ത്. വിവിധ വിഷയങ്ങളിൽ ഗവേഷണ ബിരുദങ്ങളും ഉന്നത ബിരുദങ്ങളും ഉള്ള ഉയർന്ന നിലവാരമുള്ള അധ്യാപകർ വിദ്യാർത്ഥികളുടെ സർവ്വതോമുഖമായ വളർച്ചയ്ക്ക് അക്ഷീണം പ്രവർത്തിക്കുന്നു. ഏറ്റവും പുതിയ സാങ്കേതിക വിദ്യകൾ ഉപയോഗിച്ചു കൊണ്ട് യുവത ആഗ്രഹിക്കും വിധമുള്ള ഇന്ററാക്ടിവ് ക്ലാസുകൾ വഴി വിദ്യാർത്ഥികളെ വിഷയങ്ങളിലേക്ക് അടുപ്പിക്കാനും അറിവിന്റെ പുതു വഴികൾ തുറക്കാനും അവർ പരിശ്രമിക്കുന്നു.

പഠനം മാത്രമല്ല ജോലിയും തരും

ഭാരത മാതാ കോളേജിൽ പഠനം മാത്രമല്ല ജോലിക്ക് അർഹരും യോഗ്യരുമായവർക്ക് ഉറപ്പായും ജോലിയും നൽകും. കോളേജിൽ മുഴുവൻ സമയവും പ്രവർത്തന സജ്ജമായ ഒരു പ്ലേസ്മെന്റ് സെല്ലും അതിന് നേതൃത്വം നൽകാൻ പ്രതേക പരിശീലനം നേടിയ ഒരു പ്ലേസ്മെന്റ് ഓഫീസറും പ്രവർത്തിക്കുന്നു.

ഭാരത മാതാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് (BMIM)

രാജ്യത്തെ മാനേജ്മെന്റ് വിദ്യാഭ്യാസ രംഗത്തു അതുല്യമായ സ്ഥാനമാണു ഭാരത മാതാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് സ്വന്തമാക്കിയിട്ടുള്ളത് .മികച്ച മാനേജ്മെന്റ്, മികച്ച പ്ലേസ്മെന്റ്, മികച്ച ഫാക്കൽറ്റി എന്നിവ ഭാരത മാതാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റിന്റെ മുഖമുദ്രയാണ്. തീർത്തും പ്രഫഷണലായും ഉന്നത നിലവാരത്തിലും നടത്തുന്ന അക്കാഡമിക്, അക്കാഡമിക്കേതര പ്രവർത്തനങ്ങൾ കോളേജിന്റെ വളർച്ചയിൽ വലിയപങ്കുവഹിക്കുന്നു. ഇന്നും ഭാരതമാതായുടെ മാനേജ്മെന്റ് ഇൻസ്റ്റിട്യൂട്ടിലേക്കെത്തുന്ന നൂറുകണക്കിനു പ്രതിഭകൾ കേരളത്തിലെ ഉന്നതവിദ്യാഭ്യാസമേഖലയോടു വിളിച്ചുപറയുന്നതും മികവിന്റെ പാഠങ്ങൾ തന്നെ.

നൂറു ശതമാനം തൊഴിൽ അവസരങ്ങൾ ഉറപ്പു വരുത്തുന്നു എന്നതും പ്ലേസ്മെന്റ് സെൽ ബിഎംഐഎമ്മിന്റെ പ്രത്യേകതയാണ്.

ബിഎംസിഎംഎസ് ഡബ്ല്യു

സാമൂഹ്യസേവനപഠനത്തിൽ വേറിട്ടവഴിയുമായി ഭാരതമാതാ എംഎസ് ഡബ്ളിയു മുന്നേറുകയാണ്.ഇത്തവണ ബാച്ചിലർ ഡിഗ്രികൂടി ആരംഭിക്കുന്നതോടെ കൂടുതൽ സുശക്തമായി എം എസ് ഡബ്ളിയു വിഭാഗം മാറും. വിദ്യാർത്ഥി കേന്ദ്രിതവും സമൂഹോന്മുഖവുമായ നിരവധി പദ്ധതികളാണ് സോഷ്യൽ വർക്ക് വിഭാഗം ആവിഷ്ക്കരിച്ച് നടപ്പിലാക്കുന്നത്. ഭാരതമാതയെ വളർച്ചയുടെ വഴികളിൽ നിസ്തുലമായ പങ്ക് സോഷ്യൽ വർക്ക് വിഭാഗത്തിനുണ്ട്.

കൊച്ചിയിൽ ഡിഗ്രിക്കോ പി.ജിക്കോ അഡ്മിഷൻ എടുക്കുന്നവർ ഇനി ഭാരതമാതാ തിരഞ്ഞെടുക്കുന്നത് തന്നെയാണ് ഉചിതം. ഓട്ടോണമസ് പദവിയിലേയ്ക്ക് പ്രവേശിച്ച ഭാരതമാതയിൽ നിരവധി പുതുമകളാണ് നിങ്ങളെ കാത്തിരിക്കുന്നത്. കാലത്തിനിണങ്ങുന്ന ഏറ്റവും പുതുമയാർന്ന സിലബസ്. പ്രതിഭാശാലകളായ അധ്യാപകർ, മികച്ച ഭൗതിക സൗകര്യങ്ങൾ, അതിമനോഹരമായ ക്യാമ്പസ്, വിദ്യാർത്ഥികളുടെ മികവുമാത്രം ലക്ഷ്യംവയ്ക്കുന്ന മാനേജ്മെന്റ് ഇങ്ങനെ ഭാരതമാതാ ഉന്നത വിദ്യഭ്യാസ രംഗത്തെ തുടർനേട്ടങ്ങളിലേയ്ക്ക് കുതിക്കുകയാണ്. അതിന്റെ ഭാഗമാകുന്നതുവഴി നിങ്ങളും ചരിത്രത്തിന്റെ ഭാഗമാവുകയാണ്.

തോമസ് പനക്കളം
9645045142

COURSES OFFERED BY BMC

UNDERGRADUATE PROGRAMMES (HONS.)
AIDED PROGRAMMES
- B.A English
- B.A Malayalam
- B.A Economics
- B.Sc Mathematics
- B.Sc Physics
- B.Sc Physics with Computer Science
- B.Sc Zoology
- B.Sc Chemistry
- B.Sc Botany
- B.Com with ACCA

SELF FINANCING PROGRAMMES
- B.Com with ACCA
- Bachelor of Business Administration (BBA)
- Bachelor of Computer Applications (BCA)
- B.Sc Data Science
- B.Sc Psychology
- Bachelor of Social Work (BSW)

INTEGRATED PROGRAMME
- M.Sc Computer Science (Artificial Intelligence & Machine Learning)

POSTGRADUATE PROGRAMMES
AIDED PROGRAMMES
- M.Com
- M.A English
- M.Sc Chemistry
- M.Sc Mathematics
- M.Sc Space Science

PROFESSIONAL PROGRAMMES
- MSW
- MBA-2 Batches